LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുണ്ട്. 92 ഡിപ്പോകളും ഈ റേറ്റിലേയ്ക്ക് അവരുടെ ക്വാട്ട കൊണ്ടുവന്നാൽ നിശ്ചയമായും റണ്ണിംഗ് ലോസ് കുറച്ച് പ്രോഫിറ്റും ലോസും ഇല്ലാത്ത നിലയിലേയ്ക്ക് കെ.എസ്.ആർ.ടി.സി.-യെ എത്തിക്കാം. ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടികളനുസരിച്ച് 40 കോടി രൂപയുടെ ഡിഫറൻസാണ് വരാൻ സാധ്യതയുള്ളത്. അതിനുള്ള നടപടികളിൽ ജീവനക്കാർ നന്നായി സഹകരിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്, അവരുമായി പല പ്രാവശ്യം ചർച്ച നടത്തിയിരുന്നു. അവരുടെ കൂടി സഹകരണത്തോടെ കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുകയാണ്. 7 കോടി 10 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിച്ച ദിവസങ്ങളുണ്ട്. സാധാരണ ഒരാഴ്ചയിൽ 4 ദിവസം ഓഫ് ഡേ പോലെയും ബാക്കിയുള്ള ദിവസങ്ങളിൽ മാക്സിമം കളക്ഷനുമാണ് ലഭിക്കുന്നത്. മാക്സിമം കളക്ഷൻ ലഭിക്കുന്ന ദിവസങ്ങളിൽ 7 കോടി 10 ലക്ഷം രൂപ വരെ കിട്ടിയ ചില ദിവസങ്ങളുണ്ട്. എല്ലാവരും കൂടി ശ്രമിച്ച് കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്തുന്നതിനുള്ള തീവ്രയത്നമാണ് നടക്കുന്നത്. അതിൽ തൊഴിലാളി യൂണിയനുകളെല്ലാം ഒരുമിച്ച് സഹകരിക്കുന്നുണ്ട് എന്നതും ഞാൻ ഓർമ്മിപ്പിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മത-ജാതി വർഗ്ഗീയശക്തികളുടെ ഭീഷണി

4 (*4) ശ്രീമതി കെ. കെ. ലതിക :
ശ്രീ. ജെയിംസ് മാത്യു :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത വർഗീയതയും ജാതി വർഗീയതയും ആളിപ്പടർത്തുന്നതിന് ചില ശക്തികൾ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തി വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കേരളം നേരിടുന്ന വർഗീയ ഭീഷണിയെ ചെറുക്കാനും മത നിരപേക്ഷതാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും സർക്കാർ തയ്യാറാകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) സംസ്ഥാനത്ത് മത വർഗ്ഗീയതയും ജാതി വർഗ്ഗീയതയും ആളിപ്പടർത്തുന്നതിന് ചില ശക്തികൾ ബോധപൂർവ്വമായ ശ്രമങ്ങൾ ചില സ്ഥലങ്ങളിൽ ചില സമയങ്ങളിൽ നടത്തി വരുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വർഗ്ഗീയ ഭീഷണി മുതലായവ ഉയർന്നുവന്നാൽ അതിനെ ചെറുക്കാനും മത നിരപേക്ഷതാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും സർക്കാർ സദാ തയ്യാറാണ്. നാടിനും ജനങ്ങൾക്കും ഭീഷണിയുണ്ടാകുന്ന പ്രവൃത്തികൾ തടയുന്നതിനും സമാധാനം ഉറപ്പാക്കുന്നതിനുംവേണ്ടി സംസ്ഥാന ഇന്റലിജൻസിന്റെ സഹായത്തോടുകൂടി പോലീസ് സേന ജാഗ്രുകരായി പ്രവർത്തിക്കുന്നു. ജാതി-മത വർഗ്ഗീയ സംഘർഷങ്ങളും വർഗ്ഗീയ ഭീഷണികളും ഒഴിവാക്കുന്നതിനായി ഇത്തരത്തിലുള്ള ചെറിയ നീക്കങ്ങൾ പോലും വേരോടെ പിഴുതെറിയുന്നതിന് നിലവിലുള്ള നിയമ വ്യവസ്ഥകൾ അനുസരിച്ച് പോലീസ് പ്രവർത്തിച്ചുവരുന്നു. കൂടാതെ ജനമൈത്രി, കടലോര ജാഗ്രതാ സമിതി, എസ്.പി.സി. തുടങ്ങിയ പദ്ധതികളിലൂടെ ജനങ്ങൾക്കിടയിൽ മതസ്പർദ്ധയും വൈരവും ഉണ്ടാക്കി നാട്ടിൽ അരാജകത്വം സൃഷ്ടിക്കുന്നതിനെതിരെ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയും സമൂഹത്തിൽ നിലവിലുള്ള മതമൈത്രി കാത്തുസൂക്ഷിക്കുന്നതിനും സാഹോദര്യം നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ടെയിൻ യാത്രക്കാരുടെ സുരക്ഷ

5 (*5) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനാതിർത്തിക്കുള്ളിൽ വച്ച് യാത്രക്കാർ കൊള്ളയ്ക്കും അക്രമത്തിനും വിധേയരാകുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ കൂടുതൽ മുൻകരുതൽ നടപടികൾ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

LIBRARY ARCHIVES Kerala Legislative Assembly